അദ്ധ്യായം നൂറ്റി രണ്ട്

## അത്തകാഥുർ (പെരുമ നടിക്കൽ)

അവതരണം മക്കയിൽ, വചനങ്ങൾ 8

**അദ്ധ്യായ പരിചയം:**

മക്കയിൽ അവതരിച്ച അദ്ധ്യായമാണിത്. എട്ട് സൂക്തങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. ഭൗതികപൂജയുടെ അനന്തരഫലങ്ങളെക്കുറിച്ച് സമൂഹത്തെ ബോധിപ്പിക്കുകയാണ് ഈ അദ്ധ്യായം ചെയ്യുന്നത്. മനുഷ്യൻ തൻെറ അന്ത്യശ്വാസം വരെ ധനം സമ്പാദിക്കുന്നതിനുള്ള നെട്ടോട്ടത്തിലാണ്. ഈ ഓട്ടത്തിനിടയിൽ അത് നല്കി അനുഗ്രഹിച്ച ദൈവത്തോടുള്ള കടപ്പാടുകളെപ്പറ്റി അവൻ ഓർക്കുന്നില്ല. എന്നാൽ മനുഷ്യരോട് ഖുർആൻ പറയുന്നു, നിങ്ങൾ സ്രഷ്ടാവിനെ മറന്നു നടത്തുന്ന ഈ നെട്ടോട്ടത്തിനൊടുവിൽ നിങ്ങൾ അതെപ്പറ്റി ചോദിക്കപ്പെടുക തന്നെ ചെയ്യും.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

أَلۡهَىٰكُمُ ٱلتَّكَاثُرُ ١ حَتَّىٰ زُرۡتُمُ ٱلۡمَقَابِرَ ٢ كَلَّا سَوۡفَ تَعۡلَمُونَ ٣
ثُمَّ كَلَّا سَوۡفَ تَعۡلَمُونَ ٤ كَلَّا لَوۡ تَعۡلَمُونَ عِلۡمَ ٱلۡيَقِينِ ٥ لَتَرَوُنَّ
ٱلۡجَحِيمَ ٦ ثُمَّ لَتَرَوُنَّهَا عَيۡنَ ٱلۡيَقِينِ ٧ ثُمَّ لَتُسۡـَٔلُنَّ يَوۡمَئِذٍ عَنِ ٱلنَّعِيمِ ٨

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. പരസ്പരം പെരുമനടിക്കൽ നിങ്ങളെ അശ്രദ്ധരാക്കിയിരിക്കുന്നു.
2. നിങ്ങൾ ശവക്കുഴികൾ സന്ദർശിക്കും വരെ.
3. സംശയിക്കേണ്ട, നിങ്ങൾ അറിയുകതന്നെ ചെയ്യും.
4. പിന്നെ വേണ്ട, നിങ്ങൾ അറിയുകതന്നെ ചെയ്യും.
5. നിസ്സംശയം, നിങ്ങൾ ദൃഢമായി അറിഞ്ഞിരുന്നുവെങ്കിൽ!
6. നിങ്ങൾ നരകത്തെ കാണുകതന്നെ ചെയ്യും.
7. പിന്നെ നിങ്ങളതിനെ ഉറപ്പായും കണ്ണുകൊണ്ട് കാണുകതന്നെ ചെയ്യും.
8. പിന്നീട് സുഖാനുഗ്രഹങ്ങളെപ്പറ്റി ഉറപ്പായും അന്ന് നിങ്ങൾ ചോദ്യം ചെയ്യപ്പെടും.

**വിശദീകരണം:**

സമ്പാദിക്കുന്നതിനു വേണ്ടിയുള്ള നെട്ടോട്ടവും അക്കാര്യത്തിൽ മറ്റുള്ളവരെ തോല്പിക്കാനുള്ള ത്വരയും സമ്പത്തിൻെറയും സന്താനങ്ങളുടെയും പേരിലുള്ള പ്രൗഢിയുമൊക്കെ ഏകദൈവത്തിനുള്ള അനുസരണത്തിൽനിന്നും അവനുള്ള ആരാധനകളിൽനിന്നും നിങ്ങളെ നിങ്ങളുടെ ജീവിതാന്ത്യം വരെ അശ്രദ്ധരാക്കിയിരിക്കുന്നു എന്നത്രെ ആദ്യത്തെ രണ്ട് വചനങ്ങളിൽ സൂചിപ്പിക്കുന്നത്.

അതിലാണ് ഭൗതികപുരോഗതിയെന്ന മൂഢധാരണയാണ് പലപ്പോഴും ആളുകളെ നയിക്കുന്നത്. അതിനാൽ അത്തരം ആളുകളോട് പറയുന്നു: “വേണ്ടാ, നിങ്ങൾ അറിയുക തന്നെ ചെയ്യും.” ഇത് രണ്ട് തവണ ആവർത്തിച്ചതായി കാണാം. ആദ്യത്തേത് മരണം ആസന്നമാകുമ്പോഴും രണ്ടാമത്തേത് നരകശിക്ഷ കൺമുമ്പിൽ കാണുമ്പോഴുമായിരിക്കും എന്നാണത് വ്യക്തമാക്കുന്നത്. അപ്പോഴാണ് ദൈവം എന്തിന് തനിക്ക് ജന്മംനല്കി, തൻെറ നിയോഗലക്ഷ്യം എന്ത്, ജീവിതം കൊണ്ട് അർഥമാക്കുന്നതെന്ത് തുടങ്ങിയ ജീവൽ പ്രധാന സംഗതികളെക്കുറിച്ച് ജനം ഖേദത്തോടെ ഓർക്കുക. പരലോകജീവിതത്തിലാകട്ടെ തൻെറ ആയുസ്സ്, ആരോഗ്യം, ധനം, വിജ്ഞാനം തുടങ്ങിയ ദൈവികാനുഗ്രഹങ്ങളെക്കുറിച്ച് അവ എവിടെനിന്ന്, എങ്ങനെ സമ്പാദിച്ചു, എങ്ങനെ, ഏതു മാർഗത്തിൽ ചെലവഴിച്ചു എന്നും മനുഷ്യൻ ചോദിക്കപ്പെടും. ചുരുക്കത്തിൽ ഭൗതിക ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന ചെറുതും

വലുതുമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ഏകദൈവം ചോദ്യം ചെയ്യുന്നതായിരിക്കും. അതെപ്പറ്റി ഉത്തരം നല്കാതെ അവൻ ആരെയും വിട്ടയക്കുകയില്ല.